ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 05-05-2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. നിയമസഭാ തിരഞ്ഞെടുപ്പിൽ ചരിത്രം സൃഷ്ടിച്ച് പശ്ചിമ ബംഗാളും തമിഴ്നാടും. പശ്ചിമബംഗാളിൽ വൻ മുന്നേറ്റവുമായി ബിജെപി ഭരണമുറപ്പിച്ചു. തമിഴ്നാട്ടിൽ ഏറ്റവും വലിയ പാർട്ടിയായി നടൻ വിജയ് യുടെ തമിഴക വെട്രി കഴകം.

**West Bengal and Tamil Nadu create history in the Assembly elections. In West Bengal, the BJP secures power with a massive surge. In Tamil Nadu, actor Vijay's Tamilaga Vettri Kazhagam emerges as the largest party.**

2. അസമിലും എൻ ഡി എ അധികാരത്തിലേക്ക്; പുതുച്ചേരി നിലനിർത്തി എൻഡിഎ.

**In Assam too, the NDA is set to come to power; in Puducherry, the NDA retains power.**

3. കേരളത്തിൽ പത്ത് വർഷത്തെ ഇടവേളയ്ക്ക് ശേഷം UDF വീണ്ടും അധികാരത്തിലേക്ക്. സർക്കാർ രൂപീകരണ ചർച്ചകൾ സജീവം. ഗവർണർക്ക് രാജി സമർപ്പിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ.

In Kerala, the UDF returns to power after a gap of ten years. Discussions on government formation are active. Chief Minister Pinarayi Vijayan has submitted his resignation to the Governor.

4. ഗൾഫ് മേഖലയിൽ ആക്രമണം തുടർന്ന് അമേരിക്കയും ഇറാനും. യുഎഇയിൽ ഇറാൻ നടത്തിയ ഡ്രോൺ ആക്രമണത്തെ ശക്തമായി അപലപിച്ച് ഇന്ത്യ.

Amid continuing attacks in the Gulf region, tensions escalate between the United States and Iran. India strongly condemns the drone attack carried out by Iran in the UAE.

5. രാജ്യത്ത് ശക്തമായ ഗവേഷണ-നവീകരണ ആവാസവ്യവസ്ഥ കെട്ടിപ്പടുക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമെന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാൻ.

Union Education Minister Dharmendra Pradhan says, government is committed to building a strong research and innovation ecosystem in the country.

6. ഐ.പി.എൽ ക്രിക്കറ്റിൽ ഇന്ന് ചെന്നൈ സൂപ്പർ കിങ്സും ഡൽഹി ക്യാപിറ്റൽസും ഏറ്റുമുട്ടും.

In the IPL cricket today, Chennai Super Kings will take on Delhi Capitals.

&&&&&&&&&&&&&&&&&

HEADLINE-1

WEST BENGAL+TN ( INTRO )

*നിയമസഭാ തിരഞ്ഞെടുപ്പിൽ ചരിത്രം സൃഷ്ടിച്ച് പശ്ചിമ ബംഗാളും തമിഴ്നാടും. പശ്ചിമബംഗാളിൽ ഔദ്യോഗിക ഫലം പുറത്തുവന്ന 292 മണ്ഡലങ്ങളിൽ 206 ഇടത്ത് മുന്നിലെത്തി ഇതാദ്യമായി ബിജെപി ഭരണമുറപ്പിച്ചു. തമിഴ്നാട്ടിൽ ആദ്യ പോരാട്ടത്തിൽ തന്നെ ഏറ്റവും വലിയ പാർട്ടിയായി ഉയരാൻ നടൻ വിജയുടെ നേതൃത്വത്തിലുള്ള തമിഴക വെട്രി കഴകത്തിനു സാധിച്ചു.*

*വിശദാംശങ്ങളിലേക്ക്.....*
*( വോയിസ്.... )*

*ആകെ 293 മണ്ഡലങ്ങളുള്ള പശ്ചിമബംഗാളിൽ തൃണമൂൽ കോൺഗ്രസ് 80 സീറ്റുകളിലാണ് വിജയിച്ചത്. കോൺഗ്രസ്സും* **AJUP** *യും രണ്ട് സീറ്റിലും* **CPM** *ഉം* **AISF** *ഉം ഓരോ സീറ്റിലും വിജയിച്ചു. മുഖ്യമന്ത്രിയും* **TMC** *നേതാവുമായ മമത ബാനർജി ഭബാനിപൂർ മണ്ഡലത്തിൽ ബിജെപി സ്ഥാനാർഥി സുവേന്ദു അധികാരിയോട് 15,000 ത്തിലേറെ വോട്ടുകൾക്ക് പരാജയപ്പെട്ടു. മുതിർന്ന കോൺഗ്രസ് നേതാവ് അധിർ രഞ്ജൻ ചൗധരി ബഹ്റാംപൂരിൽ ബിജെപി സ്ഥാനാർത്ഥി സുബ്രദാ മൈത്രയോട് പരാജയപ്പെട്ടു. അതേസമയം, തമിഴ്നാട്ടിൽ പാർട്ടി രൂപീകരണത്തിന് ശേഷം നേരിട്ട ആദ്യ നിയമസഭാ തിരഞ്ഞെടുപ്പിൽ തന്നെ 108 സീറ്റുകൾ നേടി ടി.വി.കെ ഏറ്റവും വലിയ ഒറ്റക്കക്ഷിയായി. പെരമ്പൂർ, തിരുച്ചി ഈസ്റ്റ് എന്നീ രണ്ട് മണ്ഡലങ്ങളിലും പാർട്ടി അധ്യക്ഷൻ വിജയ് വൻ ഭൂരിപക്ഷത്തോടെ വിജയിച്ചു. മുഖ്യമന്ത്രിയും ഡി എം കെ നേതാവുമായ എം.കെ. സ്റ്റാലിൻ കൊളത്തൂരിൽ ടി.വി.കെ സ്ഥാനാർത്ഥി വി.എസ്. ബാബുവിനോട് പരാജയപ്പെട്ടു. അവിനാശിയിൽ കേന്ദ്രസഹമന്ത്രി എൽ.മുരുകനും ടി വി കെ സ്ഥാനാർത്ഥിയോട് പരാജയപ്പെട്ടു. 234 അംഗ നിയമസഭയിൽ സർക്കാർ രൂപീകരിക്കാൻ* **TVK** *യ്ക്ക് 10 സീറ്റുകളുടെ കുറവുണ്ട്. ഭരണകക്ഷിയായ ഡി.എം.കെ 59 സീറ്റുകളിലൊതുങ്ങി. പ്രധാന പ്രതിപക്ഷമായ എ.ഐ.എ.ഡി.എം.കെ 47 സീറ്റുകളാണ് നേടിയത്. പി എം കെ 4 സീറ്റും, കോൺഗ്രസ് 5 സീറ്റും നേടിയപ്പോൾ, സിപിഐ എം 2 സീറ്റിലും, ബി ജെ പി ഒരു സീറ്റിലും വിജയിച്ചു. ന്യൂസ്ഡെസ്ക് ആകാശവാണി......*

&&&&&&&&&&&&&&&&&&

**HEADLINE-2**

**ASSAM RESULT**

അസമിലും എൻഡിഎ അധികാരത്തിലേക്ക്. 126 സീറ്റുകളിൽ 101 ഇടത്ത് എൻഡിഎ സഖ്യം വിജയിച്ചു. ബിജെപി 82 ഇടത്ത് വിജയിച്ചപ്പോൾ സഖ്യകക്ഷികളായ AGP 9 സീറ്റുകളും പീപ്പിൾസ് ഫ്രണ്ട് 10 സീറ്റുകളും നേടി. കോൺഗ്രസ് 19ഉം എഐയുഡിഎഫ്, ആർജെആർഡി എന്നിവർ രണ്ട് വീതം സീറ്റും തൃണമൂൽ കോൺഗ്രസ് ഒരു സീറ്റും നേടി.

&&&&&&&&&&&&&&&&&&

## HEADLINE-3

### KERALA UDF

കേരളത്തിൽ പത്ത് വർഷത്തെ ഇടവേളയ്ക്ക് ശേഷം UDF വീണ്ടും അധികാരത്തിലേക്ക്. നിയമസഭ തിരഞ്ഞെടുപ്പ് ഫലം പുറത്ത് വന്നപ്പോൾ ആകെയുള്ള 140 മണ്ഡലങ്ങളിൽ 102 സീറ്റുകളിലും UDF വിജയിച്ചു. LDF ന് 35 സീറ്റുകൾ മാത്രമാണ് നേടാനായത്. എൻഡിഎ 3 സീറ്റും നേടി. കോട്ടയം, ഇടുക്കി, എറണാകുളം, മലപ്പുറം, വയനാട് ജില്ലകളിൽ എല്ലാ സീറ്റിലും യുഡിഎഫ് വിജയിച്ചു. കോൺഗ്രസ് 63 സീറ്റിലും, മുസ്ലീം ലീഗ് 22 സീറ്റിലും മുന്നിലെത്തിയപ്പോൾ യുഡിഎഫ് ഘടകകക്ഷികളായ കേരള കോൺഗ്രസ് 7 സീറ്റിലും, RSP 3 മണ്ഡലങ്ങളിലും വിജയിച്ചു. കേരളത്തിൽ ഇപ്പോൾ സർക്കാർ രൂപീകരണ ചർച്ചകൾ സജീവമായിരിക്കുകയാണ്..

&&&&&&&&&&&&&&&&&&

### CM RESIGNS

മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭ ഗവർണർക്ക് രാജി സമർപ്പിച്ചു. രാജി അംഗീകരിച്ച ഗവർണർ പുതിയ ക്രമീകരണങ്ങൾ ഉണ്ടാകുന്നതുവരെ മുഖ്യമന്ത്രിയോട് പദവിയിൽ തുടരാൻ നിർദ്ദേശിച്ചു.

&&&&&&&&&&&&&&&&&&

## HEADLINE-2A

### PUDUCHERRY- RESULTS

പുതുച്ചേരിയിൽ 30 നിയമസഭാ മണ്ഡലങ്ങളിൽ ഔദ്യോഗിക ഫലം പുറത്തുവരുമ്പോൾ NDA സഖ്യം 18 ഇടത്ത് വിജയിച്ചു. മികച്ച

ഭരണത്തിന് പുതുച്ചേരിയിലെ ജനങ്ങൾ നൽകിയ അംഗീകാരമാണിതെന്ന് മുഖ്യമന്ത്രി എൻ. രംഗസാമി മാധ്യമങ്ങളോട് പ്രതികരിച്ചു. അതേസമയം, പുതുച്ചേരിയിലെ നിയമസഭാകക്ഷി നേതാവിനെ തെരഞ്ഞെടുക്കുന്നതിന് കേന്ദ്ര മന്ത്രി മൻസുഖ് മാണ്ഡവ്യ, നിർമ്മൽകുമാർ സുരാന എന്നിവരെ ബി.ജെ.പി കേന്ദ്ര നിരീക്ഷകരായി നിയമിച്ചു.

&&&&&&&&&&&&&&&&&

**PRIME MINISTER**

എൻഡിഎയ്ക്ക് ചരിത്രപരമായ വിജയം സമ്മാനിച്ച പുതുച്ചേരി, പശ്ചിമ ബംഗാൾ, അസം, തമിഴ്നാട്, കേരളം എന്നിവിടങ്ങളിലെ ജനങ്ങൾക്കും പാർട്ടി പ്രവർത്തകർക്കും നന്ദി അറിയിച്ച് പ്രധാനമന്ത്രിയും BJP മുതിർന്ന നേതാവുമായ നരേന്ദ്രമോദി. രാജ്യത്തിന് ഒരു പുതിയ പ്രഭാതം ആശംസിക്കുന്നതായി, തെരഞ്ഞെടുപ്പ് ഫലത്തിന് ശേഷം ഇന്നലെ ഡൽഹിയിലെ ബിജെപി ആസ്ഥാനത്ത് പാർട്ടി പ്രവർത്തകരെ അഭിസംബോധന ചെയ്തുകൊണ്ട് അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&

**RAHUL GANDHI – KERALAM**

നിയമസഭാ തെരഞ്ഞെടുപ്പിൽ യു ഡി എഫിനെ മികച്ച ഭൂരിപക്ഷത്തിൽ വിജയിപ്പിച്ച കേരളത്തിലെ ജനങ്ങൾക്ക് നന്ദി അറിയിച്ച് കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി. കൂട്ടായ്മയും കഠിനാധ്വാനവുമാണ് യു ഡി എഫിന്റെ വിജയത്തിന് പിന്നിലെന്ന് അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&

**HEADLINE-4**

**US-IRAN CONFLICT (INTRO)**

***ഗൾഫ് മേഖലയിൽ ആക്രമണം തുടർന്ന് അമേരിക്കയും ഇറാനും. ഹോർമുസ് കടലിടുക്കിന്റെ നിയന്ത്രണത്തെച്ചൊല്ലിയുള്ള സംഘർഷങ്ങൾ ശക്തമായതോടെ കുടുങ്ങിക്കിടക്കുന്ന വാണിജ്യ കപ്പലുകളുടെ ഗതാഗതം സുഗമമാക്കുന്നതിന് "പ്രൊജക്റ്റ് ഫ്രീഡം" പദ്ധതി നടപ്പാക്കുമെന്ന് യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് പ്രഖ്യാപിച്ചിരുന്നു. യുഎസ്***

*നീക്കത്തിന്റെ പശ്ചാത്തലത്തിൽ, യുഎഇയെ ലക്ഷ്യമിട്ട് ഇറാൻ നടത്തിയ ഡ്രോൺ ആക്രമണത്തിൽ ഫുജൈറയിലെ എണ്ണ സംഭരണ കേന്ദ്രത്തിൽ തീപിടുത്തമുണ്ടായി. ആക്രമണത്തിൽ മൂന്ന് ഇന്ത്യക്കാർക്ക് പരിക്കേറ്റു.*

*വിശദാംശങ്ങളിലേക്ക്.....*

*(VO)*

*ഫുജൈറ പെട്രോളിയം ഇൻഡസ്ട്രീസ് സോണിൽ നടന്ന ആക്രമണത്തെ ഇന്ത്യ ശക്തമായി അപലപിച്ചു. ആക്രമണം ഉടൻ അവസാനിപ്പിക്കണമെന്നും പൗരന്മാരുടെ അടിസ്ഥാന സൗകര്യങ്ങളെ ഉൾപ്പെടെ ലക്ഷ്യമിട്ടുള്ള നീക്കങ്ങളെ അംഗീകരിക്കാനാകില്ലെന്നും വിദേശകാര്യ മന്ത്രാലയം വ്യക്തമാക്കി. ഇറാൻ ആക്രമണങ്ങളെ ലോകരാഷ്ട്രങ്ങൾ അപലപിച്ചു. സൗദി കിരീടാവകാശിയും പ്രധാനമന്ത്രിയുമായ മുഹമ്മദ് ബിൻ സൽമാൻ യുഎഇ പ്രസിഡന്റ് ഷെയ്ഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാനുമായി ടെലിഫോൺ സംഭാഷണം നടത്തി. പ്രാദേശിക സുരക്ഷയും സ്ഥിരതയും ശക്തമാക്കുന്നതിനുള്ള ശ്രമങ്ങളെക്കുറിച്ച് ഇരുവരും ചർച്ച ചെയ്തു. യുഎഇയുടെ പരമാധികാരത്തിന് നേരെയുള്ള കടന്നാക്രമണമാണെന്ന് ജോർദാൻ വിദേശകാര്യ മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു. അന്താരാഷ്ട്ര നിയമത്തിന്റെയും സമുദ്ര സഞ്ചാര സ്വാതന്ത്ര്യ വ്യവസ്ഥയുടെയും ലംഘനമാണ് ഇറാൻ നടത്തുന്നതെന്ന് ഖത്തർ വിദേശകാര്യ മന്ത്രാലയം വ്യക്തമാക്കി. സാധാരണ പൗരന്മാരെ അക്രമിക്കാനോ അറേബ്യൻ ഗൾഫ് മേഖലയെ അസ്ഥിരപ്പെടുത്താനോ ലക്ഷ്യമിട്ടുള്ള ഏതൊരു നടപടിയെയും ശക്തമായി എതിർക്കുമെന്ന് ഈജിപ്ത് വിദേശകാര്യ മന്ത്രാലയവും അറിയിച്ചു.*

*ന്യൂസ്ഡെസ്ക് ആകാശവാണി......*

&&&&&&&&&&&&&&&&&&

**GOVT-WEST ASIA**

പശ്ചിമേഷ്യയിലെ അനിശ്ചിതത്വങ്ങൾക്കിടയിലും രാജ്യത്തുടനീളം എൽപിജി - പെട്രോളിയം ഉൽപ്പന്നങ്ങളുടെ ലഭ്യത ഉറപ്പാക്കാൻ നടപടികൾ സ്വീകരിച്ചു വരികയാണെന്ന് കേന്ദ്ര സർക്കാർ. പെട്രോൾ, ഡീസൽ, എൽപിജി എന്നിവ അനാവശ്യമായി വാങ്ങി ശേഖരിക്കരുതെന്നും കൃത്യമായ വിവരങ്ങൾക്ക് ഔദ്യോഗിക സ്രോതസ്സുകളെ ആശ്രയിക്കാനും സർക്കാർ ആവശ്യപ്പെട്ടു.

&&&&&&&&&&&&&&&&&

**IMF-WEST ASIA CONFLICT**

പശ്ചിമേഷ്യൻ സംഘർഷം തുടർന്നാൽ ആഗോള സമ്പദ്‌വ്യവസ്ഥ കൂടുതൽ ഗുരുതരമായ പ്രത്യാഘാതങ്ങൾ നേരിടേണ്ടിവരുമെന്ന് അന്താരാഷ്ട്ര നാണയ നിധി. എണ്ണവില ബാരലിന് 125 ഡോളറായി ഉയരാൻ സാധ്യതയുണ്ടെന്നും ഐ എം എഫ് മുന്നറിയിപ്പ് നൽകി. ദീർഘകാല സംഘർഷം, എണ്ണവിലയിലെ തുടർച്ചയായ വർദ്ധന, പണപ്പെരുപ്പ സമ്മർദ്ദങ്ങൾ ഉൾപ്പെടെയുള്ളവ ഇതിനകം തന്നെ സമ്പദ്‌വ്യവസ്ഥയെ പ്രതികൂലമായി ബാധിച്ചതായും IMF മേധാവി ക്രിസ്റ്റലീന ജോർജിയേവ പറഞ്ഞു.

&&&&&&&&&&&&&&&&&

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.......

(ബ്രേക്ക്)

&&&&&&&&&&&&&&&&&

**PREZ-TRIBUTE**

മുൻ രാഷ്ട്രപതി ഗ്യാനി സെയിൽ സിങ്ങിൻറെ ജന്മവാർഷിക ദിനത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു ശ്രദ്ധാഞ്ജലി അർപ്പിച്ചു. രാഷ്ട്രപതി ഭവനിൽ അനുസ്മരണ ചടങ്ങ് നടന്നു.

&&&&&&&&&&&&&&&&&

**REV VIETNAM PREZ-VISIT.**

മൂന്ന് ദിവസത്തെ ഇന്ത്യാ സന്ദർശനത്തിനായി വിയറ്റ്നാം പ്രസിഡൻ്റ് ടോ ലാം ഇന്ന് ബിഹാറിലെ ഗയയിൽ എത്തും. നാളെ, രാഷ്ട്രപതി ഭവനിൽ നടക്കുന്ന ചടങ്ങിൽ പ്രസിഡൻ്റ് ടോ ലാമിന് ആചാരപരമായ സ്വീകരണം നൽകും. പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തും.

&&&&&&&&&&&&&&&&&

**SENSEX+GOLD**

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 416 പോയിൻറ് താഴ്ന്ന് 76,869 ലും നിഫ്റ്റി 127 പോയിൻറ് കുറഞ്ഞ് 23,992 ലും വ്യാപാരം തുടരുന്നു.
സ്വർണവില കുറഞ്ഞു. പവന് 320 രൂപ കുറഞ്ഞ് ഒരു ലക്ഷത്തി 9,400 രൂപയും ഗ്രാമിന് 13,675 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&

**HEADLINE-5**

**PRADHAN-RESEARCH ( INTRO)**

*രാജ്യത്ത് ശക്തമായ ഗവേഷണ-നവീകരണ ആവാസവ്യവസ്ഥ കെട്ടിപ്പടുക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാൻ. ന്യൂഡൽഹിയിൽ ഐഐടി മദ്രാസ് ടെക് ഉച്ചകോടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഗവേഷണം പിഎച്ച്ഡി പ്രബന്ധങ്ങളിലും അക്കാദമിക പ്രസിദ്ധീകരണങ്ങളിലും മാത്രമായി പരിമിതപ്പെടുത്തരുതെന്നും, സമൂഹത്തിന് പ്രയോജനകരമായ പ്രായോഗിക കണ്ടുപിടുത്തങ്ങളിലേക്ക് നയിക്കണമെന്നും കേന്ദ്രമന്ത്രി പറഞ്ഞു.*

*( വോയിസ്....)*

&&&&&&&&&&&&&&&&&

**HEADLINE-6**

**I P L**

ഐ.പി.എൽ ക്രിക്കറ്റിൽ ഇന്ന് ചെന്നൈ സൂപ്പർ കിങ്ങ്സും ഡൽഹി ക്യാപിറ്റൽസും ഏറ്റുമുട്ടും. പ്ലേഓഫിൽ ഇടം നേടാൻ ഇരു ടീമുകൾക്കും ഇന്നത്തെ മൽസരം നിർണ്ണായകമാണ്. നിലവിൽ ആറാം സ്ഥാനത്താണ് ചെന്നൈ. ഏഴാം സ്ഥാനത്താണ് ഡൽഹി.

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&